I

# D.V.U.P.S, VENDAR

D.V.U.P.S, VENDAR



ESTD 1962

## അക്കാദമിക മാസ്റ്റർ പ്ലാൻ

**2025-2026**

# ഡി വി യു പി എസ്
# വെണ്ടാർ

ഉപജില്ല : കുളക്കട

വിദ്യാഭ്യാസ ജില്ല : കൊട്ടാരക്കര

ജില്ല : കൊല്ലം

വർഷം : 2025

# ഡി.വി.യു.പി.എസ്.
# വെണ്ടാർ.
## 2025 - 2026.

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

## ഉള്ളടക്കം

ആമുഖം

ലക്ഷ്യങ്ങൾ

ലഘുചരിത്രം

അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ അവസ്ഥ

സ്കൂൾതല പ്രവർത്തനങ്ങൾ

അക്കാദമിക പ്രവർത്തനങ്ങൾ:- വിഷയാടിസ്ഥാനത്തിൽ

ഉപസംഹാരം

## ആമുഖം

വെഞ്ഞാർ എന്ന ഗ്രാമപ്രദേശത്ത് 1962-ൽ ആദ്യമായി ആരംഭിച്ച ഒരു എയ്ഡഡ് അപ്പർ പ്രൈമറി വിദ്യാലയമാണിത്. വെഞ്ഞാർ പോറുക്കാട്ട് പുത്തൻ വീട്ടിൽ ശ്രീ. നാരായണപിള്ള അവർകളാണിതിന്റെ സ്ഥാപകൻ. അഞ്ചുമുതൽ ഏഴുവരെ ക്ലാസുകൾ ഇവിടെ പ്രവർത്തിക്കുന്നു. ഈ വിദ്യാലയത്തിൽ നിന്നും വിദ്യാഭ്യാസം നേടിയവരിൽ ധാരാളം പേർ സമൂഹത്തിന്റെ വിവിധ തുറകളിൽ പ്രശസ്തരായി പ്രവർത്തിക്കുന്നുണ്ട്. പഠനരംഗത്തും കലാകായിക രംഗത്തും പ്രഗത്ഭരായ അനവധി കുട്ടികൾ പഠിക്കുന്ന ഒരു വിദ്യാലയമാണിത്. സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. ഈ വിദ്യാലയത്തെ ഒരു സാമൂഹിക സ്ഥാപനമാക്കി മാറ്റുന്നതിനും വിദ്യാർത്ഥികളും സമൂഹമായി ബന്ധപ്പെടുത്തി ഒരു ശൃംഖലയെ സൃഷ്ടിക്കുകയുമാണ് ഈ സ്ഥാപനം ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി അധ്യാപകരും രക്ഷകർത്താക്കളും മാനേജ്മെന്റും സമീപ പ്രദേശത്തെ പൊതുസ്ഥാപനങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നതാണ്. ഈ സ്കൂളിനെ സംബന്ധിച്ചിടത്തോളം ധാരാളം പരിമിതികളുണ്ട്. അവയെ പരിഹരിച്ച് ഏറ്റവും മികച്ച വിദ്യാലയമാക്കി മാറ്റുന്നതിനും കഴിവും കാര്യശേഷിയുമുള്ള നല്ല ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിനുമായി ഈ സ്കൂളിലെ അധ്യാപകരും അനധ്യാപകരും പി.ടി.എ അംഗങ്ങളും സ്കൂൾ മാനേജരും കൂടിയിരുന്ന് തയ്യാറാക്കിയതാണ് ഈ മാസ്റ്റർപ്ലാൻ.

## ലക്ഷ്യങ്ങൾ

1. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല വീക്ഷണത്തോടെ പശ്ചാത്തലസൗകര്യം വർദ്ധിപ്പിക്കുക.
2. അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.
3. 5 മുതൽ 7 വരെ ഓരോ ക്ലാസ്സിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്കനുസൃതമായി നേടേണ്ടശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തനകലണ്ടറും രൂപപ്പെടുത്തൽ
4. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

# ചരിത്രം

കുളക്കട പഞ്ചായത്തിൽ വെണ്ടാർ എന്ന സ്ഥലത്ത് ആദ്യമായി ആരംഭിച്ച അപ്പർ പ്രൈമറി സ്കൂളാണ് ഡി വി യു പി എസ് വെണ്ടാർ. 1962 ൽ ചേറുകാട്ടു വീട്ടിൽ ശ്രീ നാരായണ പിള്ള അവർകളാണ് ഇത് സ്ഥാപിച്ചത്. ഇപ്പോൾ ഈ സ്കൂളിന്റെ മാനേജർ വെണ്ടാർ ഗോപികയിൽ MJ മായാദാസാണ് ആദ്യകാലങ്ങളിൽ ഇരുപതോളം ഡിവിഷനുകൾ ഇവിടെ നിലനിന്നിരുന്നു. അതിനുശേഷം ഇവിടെനിന്നും ഒരു കിലോമീറ്ററിനകത്ത് ദൂരം വരുന്ന സ്ഥലത്ത് ലോവർ പ്രൈമറിതലം മുതൽ ഹൈസ്കൂൾ വരെയുള്ള മറ്റൊരു സ്കൂളിന് അംഗീകാരം കിട്ടിയതോടുകൂടി ലോവർ പ്രൈമറി സൗകര്യമില്ലാത്ത ഈ സ്കൂളിൽ കുട്ടികളുടെ വരവ് കുറഞ്ഞുതുടങ്ങി. ഇപ്പോൾ വാഹന സൗകര്യം ഉണ്ടായിട്ടും കുട്ടികളെ എത്തിക്കാൻ പ്രയാസമനുഭവിക്കുന്നുണ്ട്. ഇത്രയേറെ പ്രതിബന്ധങ്ങളുണ്ടായിട്ടും ഇവിടെ പഠനത്തിനെത്തുന്ന കുട്ടികൾക്ക് നല്ല നിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നുണ്ട്.

# Details of School

| | | |
|---|---|---|
| Name of school | : | D.V. U.P.S. Vendar. |
| Name of panchayath | : | Kulakkada. |
| Name of Block | : | Vettikkavala. |
| Name of CRC | : | Poovattoor L.P.S. |
| Name of village | : | Puthoor |
| Ward No | : | XII |
| Building No | : | 526 |
| Post Office | : | Vendar. |
| Pin Code | : | 691507 |
| U DISE Code | : | 32130800509. |
| School Code | | 39458 |

# അധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ

സ്കൂളിന്റെ പേര് : ഡി വി യു പി എസ് വെണ്ടാർ

ബി ആർ സി : കുളക്കട

അനുവദിക്കപ്പെട്ട തസ്തിക

ഹെഡ്മിസ്ട്രസ് : 1

ആകെ അധ്യാപകർ : 6

ഓഫീസ് അറ്റന്റന്റ് : 1

| ക്രമ നമ്പർ | പേര് | തസ്തിക | യോഗ്യതയും സർവ്വീസ് ദൈർഘ്യവും | റിമാർക്സ് |
|---|---|---|---|---|
| 1 | മിനി ബി എസ് | ഹെഡ്മിസ്ട്രസ് | Bsc Bed 25 yrs | |
| 2 | ശ്രീകല എസ് | യു പി എസ് ടി | MA Bed 28 yrs | |
| 3 | സിന്ധു എസ് ജി | യു പി എസ് ടി | MA Bed 20 yrs | |
| 4 | രേണു റ്റി ആർ | യു പി എസ് ടി | MA Bed 14 yrs | Deployed |
| 5 | ശ്രീകല. എസ് | ഹിന്ദി ടീച്ചർ | BA Bed (Siksha visarad) 21 yrs | |
| 6 | ഹസീന ബീഗം | അറബിക് ടീച്ചർ | Afzal-Ul-Ulama Preliminary 14 yrs | Deployed |
| 7 | ശ്യാം എസ് എസ് | സംസ്കൃതം ടീച്ചർ | TTC, Prak-Sasthri 9 yrs | |

## വിദ്യാലയത്തിന്റെ ഇപ്പോഴത്തെ അവസ്ഥ

V, VI, VII ക്ലാസുകളിലായി ഓരോ ഡിവിഷൻ വീതം നിലവിലുണ്ട്. രാവിലെ 9.45 മുതൽ വൈകിട്ട് 4 മണിവരെയാണ് സ്കൂൾ സമയം. 9.45 മുതൽ അസംബ്ലി ആരംഭിക്കുന്നു. അധ്യാപകരുടെ സഹകരണത്തോടെ അസംബ്ലിക്ക് നേതൃത്വം നൽകുന്നു. മാസ്ഡ്രിൽ, പ്രാർത്ഥന, പ്രതിജ്ഞ, പത്രവായന, കഥ, കവിത, ചിന്താവിഷയം, മഹത്വചനങ്ങൾ എന്നിവ എല്ലാ കുട്ടികൾക്കും അവസരം നൽകി നടത്തുന്നു. അതോടൊപ്പം GK ചോദ്യങ്ങളും ഉത്തരങ്ങളും ക്വിസ് മത്സരം നടത്തുകയും സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു. എല്ലാ തിങ്കളാഴ്ചകളിലും ഹിന്ദി അസംബ്ലിയും വെള്ളിയാഴ്ചകളിൽ ഇംഗ്ലീഷ് അസംബ്ലിയുമാണ് നടത്തപ്പെടുന്നത്.

ആ സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായി വിവിധ ബോധവത്കരണ ക്ലാസുകൾ (ലഹരി-വിരുദ്ധം, റോഡുസുരക്ഷ, ആരോഗ്യവും ശുചിത്വവും, പ്രകൃതി സംരക്ഷണം etc.) [illegible] മുതൽ 13-20 തീയതി വരെ നടത്താൻ തീരുമാനിച്ചു. ദിനാചരണങ്ങൾ/ ദിനാഘോഷങ്ങൾ എന്നിവ നല്ല രീതിയിൽ നടത്തുന്നു. ദിനാഘോഷവുമായി ബന്ധപ്പെട്ട് പതിപ്പ് തയ്യാറാക്കൽ, പോസ്റ്റർ നിർമ്മാണം, ക്വിസ് മത്സരം, വായനാക്കുറിപ്പ്

ചിത്രരചന, കഥ, കവിത, പ്രസംഗം, പൂക്കൾനിർമ്മാണം, സ്കിറ്റ്, നൃത്തം തുടങ്ങിയ വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും എല്ലാകുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്താൻ തീരുമാനിച്ചു.

സ്കൂൾ വിദ്യാർത്ഥികൾ അക്കാദമിക രംഗത്ത് മാത്രമല്ല പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിലും മികച്ച പ്രകടനം കാഴ്ച വച്ചിട്ടുണ്ട്. ശാസ്ത്രമേള, ഗണിതമേള, സാമൂഹ്യശാസ്ത്രമേള, വർക്ക് എക്സ്പീരിയൻസ്, കലാമേള, വിദ്യാരംഗം കലാസാഹിത്യവേദി തുടങ്ങിയ പരിപാടികൾ മുഖേന കുട്ടികളിൽ വായനാശീലം വളർത്തുന്നതിനും സൃഷ്ടിപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനും ഒരുക്കിയിട്ടുണ്ട്.

സ്കൂളിന്റെ എല്ലാ ഭാഗങ്ങളും വൈദ്യുതീകരിക്കുകയും രണ്ടു പ്രൊജക്ടറുകളും, മൂന്ന് ലാപ് ടോപ്പും, ഒരു ഡസ്ക് ടോപ്പും നിലവിൽ പ്രവർത്തനസജ്ജമാണ്. എല്ലാ വെള്ളിയാഴ്ചകളിലും യോഗാ ക്ലാസ്സും സർഗവേദിയും ഉണ്ട്. ആഴ്ചയിൽ ഒരു ദിവസം ഡ്രൈ ഡെ ആചരിക്കുന്നു.

സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായി പഠന പിന്നാക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികൾക്ക് അടിസ്ഥാന വിവരങ്ങൾ കൈവരിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. തനതു പ്രവർത്തനമായി വായന തെരഞ്ഞെടുക്കുകയും അതിന്റെ പ്രവർത്തനങ്ങൾ നടത്തുവാനും തീരുമാനിച്ചു.

## ദിനാചരണങ്ങൾ:-

പ്രധാന സംഭവങ്ങൾ, പ്രവർത്തനങ്ങൾ, വ്യക്തികൾ തുടങ്ങിയവയോടുള്ള ആദരവ്, പ്രാധാന്യം എന്നിവ സമൂഹത്തെ ഓർമ്മപ്പെടുത്തുക എന്നതാണ് ദിനാചരണങ്ങളുടെ ദൗത്യം.

ദിനാചരണത്തിന്റെ ഭാഗമായി നടക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും സമൂഹത്തെ ബന്ധപ്പെടുത്തുന്നതിനും സമൂഹത്തെ സ്കൂളിന്റെ ഭാഗമാക്കി മാറ്റുന്നതിനും ഇത്തരം പ്രവർത്തനങ്ങളിലൂടെ സാമൂഹ്യബോധവും ലക്ഷ്യബോധവുമുള്ള പുതുതലമുറയെ വാർത്തെടുക്കുന്നതിനും കഴിയുന്നു. മൺമറഞ്ഞുപോയ മഹാന്മാരെ അനുസ്മരിക്കുന്നതിനും അവർ പകർന്നു നൽകിയ ജീവിതമൂല്യങ്ങൾ ഉൾക്കൊള്ളുന്നതിനും ഉതകുന്നവിധമായിരിക്കണം ദിനാചരണങ്ങൾ സംഘടിപ്പിക്കേണ്ടത്. ഈ സ്കൂളിന്റെ പ്രവർത്തനങ്ങളിൽ അതിന് പ്രത്യേക പ്രാധാന്യം കൊടുക്കുന്നുണ്ട്.

പൊതുലക്ഷ്യങ്ങൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശ |
|---|---|---|---|---|
| ഒന്നുവർഷത്തിനുശേഷം ട്യൂഷൻ സംസ്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറത്ത് കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ദരിൽ നിന്നും പരിശീലനം. (ഗണിതം, സയൻസ് വിഷയങ്ങൾക്ക്). | അവധി കാലം | P.T.A, ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |

മേഖല യു. പി. മലയാളം

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആസ്വാദനം സംവേദനം നടത്താനും പദസമ്പത്ത് വർദ്ധനവിനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം: പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | ഭാഷാകേളി: അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്: അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണമായ വായന ഉറപ്പുവരുത്തുന്ന | വാർത്താലോകത്തേക്ക്: പത്രം, ആഴ്ചപ്പതിപ്പ്, മാസിക എന്നിവ പഠിതാക്കൾ വായിക്കുന്നു | എല്ലാദിവസവും | മലയാള[illegible] അധ്യാ[illegible] | |

| | | | | |
|---|---|---|---|---|
| | പ്രതികരണശേഷി ഉണർത്തുകയും ചിന്താശേഷി വളർത്തുകയും ചെയ്യുന്നു | | | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സഹായിക്കുന്നവർ |
|---|---|---|---|---|
| | വാർത്താവായന: നവമാധ്യമങ്ങളുടെ സഹായത്തോടെ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ് | |
| | അതത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്ന് പ്രാവശ്യം | മലയാളം ക്ലബ് | മലയാളം ക്ലബ്. |
| 3) സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടും അനുകൂല മനോഭാവം വളർത്തുകവഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | സംവാദം/ മുഖാമുഖം: സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ |
| 4) മലയാളം കമ്പ്യൂട്ടിങ് പരിജ്ഞാനം നേടിയെടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | ഇ- കമ്പ്യൂട്ടറിംഗ്: മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിങ് പരിശീലിപ്പിക്കുകയും ഇ- മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | എല്ലാവർഷം | മലയാളം ഐ.ടി. അധ്യാപകർ | മലയാളം ക്ലബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ചു കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | സമയം | ക്ലാസ് | ചുമതല. | സാമ്പത്തിക വിശകലനം. |
|---|---|---|---|---|---|
| 1, ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു | Let your Ear. ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | V VI VII | ഇംഗ്ലീഷ് അധ്യാപിക | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow Me if You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | V VI VII | ഇംഗ്ലീഷ് അധ്യാപിക | |
| | Breaking News; ഇംഗ്ലീഷ് ന്യൂസ് വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു | നവംബർ | V VI VII | ഇംഗ്ലീഷ് അധ്യാപിക | |
| | Missing man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം മിസ്സ് ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. | ജൂൺ ആഗസ്റ്റ് | V VI VII | ഇംഗ്ലീഷ് അധ്യാപിക | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| [illegible] പരിശീലിപ്പിക്കുന്നു. | **I Too Can!**<br>വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. | V<br>VI<br>VII | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപിക | ഇംഗ്ലീഷ് ക്ലബ്ബ് |
| | **Learning Ladder**<br>പാഠഭാഗങ്ങളിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി വായിക്കുന്നവർക്ക് സമ്മാനം നൽകുന്നു. | V<br>VI<br>VII | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപിക | |
| | **English Assembly**<br>Prayer, pledge, News, G.K, Book reading, Thought of the day തുടങ്ങിയവ English ൽ തന്നെ അവതരിപ്പിക്കുന്നു. | V<br>VI<br>VII | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപിക | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 3. തെറ്റുകൂടാതെ ഇംഗ്ലീഷ് എഴുതുവാൻ പ്രാപ്തരാക്കുക | My droplets<br>കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ തയ്യാറാക്കുന്നു. | V<br>VI<br>VII | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപിക | ഇംഗ്ലീഷ് ക്ലബ്. |
| | Alert Zone<br>സൂചനാ ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ്റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | V<br>VI<br>VII | ജൂലൈ മാസം | ഇംഗ്ലീഷ് അധ്യാപിക | |
| | Fun time<br>കടങ്കഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | V<br>VI<br>VII | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപിക | |
| 4. ഇംഗ്ലീഷ് ഭാഷയോടുള്ള താത്പര്യം വളർത്തുന്നു. | അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, വിദ്യാർത്ഥികൾ എന്നിവരെ ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിക്കുന്നു. | V<br>VI<br>VII | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപിക | |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഹിന്ദി

മേഖല : അക്കാദമികം
ഉപമേഖല : ഹിന്ദി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനുമുള്ള ശേഷി വർദ്ധിപ്പിക്കൽ Slow learners കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ. | കുട്ടികളുടെ നിലവാരം കണ്ടെത്താൻ പ്രീടെസ്റ്റ് നടത്തുന്നു. | ജൂൺ | VI, VII | ഹിന്ദി അധ്യാപിക | |
| 2. അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. Slow learners കുട്ടികൾക്കായി പല വർണ്ണങ്ങളിലുള്ള അക്ഷരമാല. | അക്ഷരമാല അടങ്ങിയ കാർഡുകൾ നൽകുന്നു. അക്ഷരങ്ങൾ വായിപ്പിക്കുന്നു. ക്ലാസിൽ അക്ഷരമാലാ പ്രദർശനം, വാക്കുകൾ എഴുതിയ കാർഡുകൾ, വാക്കുകൾ - നിർമ്മാണം. | ജൂൺ മുതൽ | V, VI, VII | ഹിന്ദി അധ്യാപിക. | |
| 3. ആളുകളുടെ പേരുകൾ, അങ്കങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. ഹിന്ദി എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. | വർഷം, തിയതി എന്നിവ ഹിന്ദിയിൽ എഴുതിക്കുന്നു. കൈയെഴുത്ത്, പുസ്തകങ്ങൾ, പോസ്റ്റർ. തീം എന്നിവ നൽകുന്നു. | ജൂൺ മുതൽ | V, VI, VII | ഹിന്ദി അധ്യാപിക | |
| 4. ഹിന്ദി അസംബ്ലി | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ഹിന്ദി അസംബ്ലി നടത്തുന്നു. | ജൂലൈ മുതൽ | VI, VII | ഹിന്ദി അധ്യാപിക. | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ് | ചുമതല | സാമ്പത്തിക |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി വായിക്കാനും എഴുതാനുമുള്ള അവസരം നൽകുന്നു. | ഹിന്ദി കഥകൾ, കവിതകൾ എന്നിവ വായിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു പ്രാവശ്യം | V, VI, VII | ഹിന്ദി അധ്യാപിക. | |
| ഹിന്ദി പത്രിക. | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുന്നു. | ആഗസ്റ്റ് 26 മുതൽ ജനുവരി. | V, VI, VII | ഹിന്ദി അധ്യാപിക. | |
| ICT ഉപയോഗത്തിലൂടെ ഭാഷ ഉൾക്കൊള്ളാനും ഭാഷാപഠനം ലളിതമാക്കാനുമുള്ള പ്രവർത്തനങ്ങൾ. | കുട്ടികൾക്ക് ഭാഷ പെട്ടെന്ന് മനസ്സിലാക്കാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ മുതൽ. | V, VI, VII | ഹിന്ദി അധ്യാപിക. | |

## സോഷ്യൽ സയൻസ്

1. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ സാമൂഹ്യശാസ്ത്ര പഠന നേട്ടങ്ങളും ആർജ്ജിക്കുക.
2. പൗരധർമ്മം മനസിലാക്കുക.
3. അർത്ഥപൂർണമായ ഭൂപട വായന ക്രമീകരിക്കുന്നു.
4. പ്രാദേശിക ചരിത്രാവബോധം വളർത്തുക.
5. പഠനയാത്രകൾ സംഘടിപ്പിച്ച് ചരിത്ര പഠനം കാര്യക്ഷമമാക്കുന്നു.
6. ക്ലബ് പ്രവർത്തനങ്ങളിലൂടെ സാമൂഹിക അവബോധം വളർത്തുന്നു.

# മേഖല: യു. പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനപരമായ അറിവുകൾ, ആശയങ്ങൾ ഇവ പരിപോഷിപ്പിക്കാൻ നേടിയെടുക്കാൻ. | [illegible] - കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനപരമായ അറിവ് പരിശോധിക്കുന്നതിനായി ഗെയിമുകൾ നടത്തുന്നു | അക്കാദമിക വർഷാരംഭം ജൂൺ | S. S. ടീച്ചേഴ്സ് |
| | ഓർമ്മച്ചെപ്പ്: അന്താരാഷ്ട്രതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, സ്ഥലനാമങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുത്തി ICT സാധ്യതകൾ ഉപയോഗിച്ച് memory test നടത്തുന്നു | ജൂൺ | " |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual field trip : ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | വർഷാരംഭം മുതൽ | " |
| 3. ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്: ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതികളുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു | അക്കാദമിക വർഷം | " |
| 4. സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | നമ്മുടെ [illegible]: വൃദ്ധസദനങ്ങൾ, സാന്ത്വനസ്ഥലങ്ങൾ, ഭിന്നശേഷിക്കാരായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. ജീവകാരുണ്യശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്യുന്നു. | അക്കാദമിക വർഷം | " |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| | വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | ചിലന്തിവലയിൽ നിന്ന് കുതിച്ചു ചാട്ടം.<br>സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം. | SS. അധ്യാപകർ |
| 6 | ലഹരി വിരുദ്ധ മനോഭാവം വളർത്തുന്നു. | വേണ്ട വേണ്ട ലഹരി...<br>ICT സാധ്യതകൾ ഉപയോഗിച്ച് ലഹരിയുടെ ഉപയോഗിക്കുന്നതിന്റെ ദോഷഫലങ്ങൾ ഉൾപ്പെടുന്ന വീഡിയോ പ്രദർശനം നടത്തുന്നു. കുട്ടികളുടെ skit അവതരണം.<br>ലഹരി ഉപയോഗം എന്ന വിഷയത്തിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം. | SS അധ്യാപകർ |
| 7 | ഭൂപട വായന | നാം എവിടെ...<br>കേരളം, ഇന്ത്യ, ലോകഭൂപടം പരിചയപ്പെടുത്തുന്നു<br>ഭൂപടവുമായി ബന്ധപ്പെട്ട കളികളിൽ ഏർപ്പെടുന്നു<br>ഭൂപട പസിൽസ് നിർമ്മിക്കുന്നു. | " | SS അധ്യാപകർ. |

## അക്കാദമിക് മാസ്റ്റർ പ്ലാൻ യു.പി ഗണിതം

| മേഖല ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിതശില്പശാല<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ്, മുതലായവ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപിക. | |
| 2. രസകരമായ ഗണിത ശാസ്ത്രപഠനവും കര ചലനശേഷികളുടെ വികാസവും | ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകുന്നു. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപിക | |
| 3. ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കാൻ | ഗണിത ലാബ് സജ്ജീകരിക്കൽ. ഗണിതക്കളികൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | ഗണിതശാസ്ത്ര ക്ലബ്ബിലെ അംഗങ്ങളും | ഗണിത ക്ലബ്ബ് |
| 4. ഗണിതം മധുരമാക്കാൻ | ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കൽ. | വർഷത്തിൽ 2 തവണ | ഗണിത അധ്യാപകർ ഗണിത ക്ലബ്ബ് അംഗങ്ങൾ. | |

| | | | | |
|---|---|---|---|---|
| 5. ഗണിതമേഖലയിൽ കുട്ടികളുടെ താത്പര്യം വർധിപ്പിക്കൽ | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് താത്പര്യമുണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ് ലീഡർ | പി.ടി.എ |
| 6. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതു പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 7. ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി. ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |

| | | | | |
|---|---|---|---|---|
| . വിവിധ ശേഷികളുടെ വികസനം. | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിതദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | SRG | |

# മേഖല യു.പി സയൻസ്



| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നിശാഗന്ധി-ജൈവവൈവിധ്യപാർക്ക്. ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ജൈവവൈവിധ്യപാർക്ക് നിർമ്മാണം | അക്കാദമിക വർഷം Std: VI VII | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്, Echo club | staff, PTA |
| | കണ്ടറിയാനൊരു യാത്ര. വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ | ജൂലൈ Std: VI VII | | |
| | പരീക്ഷണക്കളരി. നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു-പരീക്ഷണങ്ങളിലൂടെ ശാസ്ത്ര-ക്ലാസുകൾ നടത്തുന്നു. | ജൂൺ മുതൽ Std VI VII | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| | പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. | | | |
| 2. ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, നിത്യജീവിത സന്ദർഭങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുക | പ്രോജക്ട് അവതരണം<br>സയൻസ് ക്ലബ്ബ്, ഗണിത ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ് തുടങ്ങിയവയുടെ നേതൃത്വത്തിൽ വിവിധ ശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം<br>Std: VI VII | ശാസ്ത്ര അധ്യാപകർ, ഹെൽത്ത് ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് etc | |
| | ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം.<br>Std. VI VII | | |
| 3. ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ അറിയുക ശാസ്ത്രസാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | മുഖാമുഖം<br>ശാസ്ത്ര മേഖലയിലെ പ്രമുഖ വ്യക്തികളുമായി അഭിമുഖം നടത്തി സെമിനാർ സംഘടിപ്പിക്കുന്നു. | | | |
| | ശാസ്ത്ര ലൈബ്രറി ഒരുക്കുന്നു. ICT സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. | അക്കാദമിക വർഷം.<br>Std. VI VII | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## സംസ്കൃതം

| നമ്പർ | പ്രവർത്തനം | കാലയളവ് | ക്ലാസ് | ലക്ഷ്യം. |
|---|---|---|---|---|
| I | നാടകശില്പശാല<br><br>1. നാടകങ്ങൾ, സംസ്കൃത നാടകങ്ങൾ എന്നിവ കാണാനുള്ള അവസരം<br>2. നാടക രചന.<br>3. അഭിനയ പരിശീലനം<br>4. മികച്ച നാടക ലേഖകരുമായും അഭിനേതാക്കളുമായും കൂടിക്കാഴ്ച<br>5. വേദികളിൽ അവതരണാവസരം<br>6. വേദികളിൽ നാടകോത്സവം സംഘടിപ്പിക്കൽ<br>7. ഐ.ടി. സാധ്യത ഉപയോഗിച്ച് ഡോക്യുമെന്റേഷനുള്ള പരിശീലനം.<br>8. സംസ്കൃതനാടക സംഘ രൂപീകരണം | അരവർഷത്തിൽ ഒരു തവണ | 5,6,7 | നാടക അവബോധം.<br><br>അഭിനയ പാടവം<br>അവതരണ പാടവം.<br>നാടകരചനാ പാടവം<br>ചിത്രീകരണ പാടവം<br>സംസ്കൃത ജ്ഞാനം |

| | | | | |
|---|---|---|---|---|
| 2 | കാവ്യ സംസ്കൃതം | ഏപ്രിൽമാസം ഒന്നാം വാരം | | കവിത പഠന വർദ്ധനവ് |
| | 1. കുട്ടികളെ ക്കുറിച്ചുള്ള അറിവ് നൽകൽ | | | കുട്ടികളിൽ കവിതയെക്കുറിച്ചുള്ള അറിവ് വർദ്ധനവ് |
| | 2. കവിത പരമായ അറിവ് നൽകൽ | | | സംഭാഷണ സാമർത്ഥ്യം |
| | 3. കുട്ടികൾക്കിടയിൽ സംസ്കൃത സംഭാഷണം മത്സരം. | | | സംസ്കൃത ജ്ഞാനം |
| | 4. വിവിധ കവികളുടെ സംഘ രൂപീകരണം. | | | |
| 3. | സംസ്കൃതയാത്ര | വർഷത്തിൽ ഒരു തവണ | | ചരിത്രപരമായ അറിവ് നേടി |
| | 1. സംസ്കൃത ഭാഗങ്ങളിലേക്കുള്ള പഠനയാത്ര | | | കവികളെക്കുറിച്ചുള്ള അറിവ് |
| | 2. കവികളുടെയും മറ്റു മഹാന്മാരുടെയും ഗൃഹ സന്ദർശനം | | | മറ്റ് മഹാന്മാരെക്കുറിച്ചുള്ള അറിവ് |
| | 3. കവികളുടെയും മറ്റു മഹാന്മാരുടെയും സ്മാരക സന്ദർശനം | | | സംസ്കൃത ജ്ഞാനം |
| | 4. കവികളുടെയും മറ്റുമഹാന്മാരുടെയും സ്ഥാപന സന്ദർശനം | | | |
| | 5. ക്ഷേത്ര സന്ദർശനം. | | | |

| | | | | |
|---|---|---|---|---|
| 4 | വാർത്താ സംസ്കൃതം | ഏക. മാസദ്വയം ദ്യുതം | 5,6,7 | വാർത്താ ജ്ഞാനം |
| | കൈയെഴുത്തുമാസിക നിർമ്മാണം | | | നിർമ്മാണ പാടവം |
| | വാർത്താപത്രിക നിർമ്മാണം | | | വാർത്താവായന പാടവം |
| | നിർമ്മിച്ച സമാഹാരം പ്രസിദ്ധീകരിക്കൽ | | | സംസ്കൃതജ്ഞാനം |
| | സംസ്കൃത വാർത്തകൾ കേൾക്കാനും കാണാനുമുള്ള അവസരം | | | പ്രസിദ്ധീകരണ സാമർത്ഥ്യം |
| | വാർത്താ വായന പരിശീലനം | | | |
| | സ്കൂൾ റേഡിയോയിൽ വാർത്താ വായനയ്ക്കുള്ള അവസരം | | | |
| 5. | സംഭാഷണ സംസ്കൃതം | ഏകമാസ ദ്വയം ദ്യുതം | 5,6,7 | സംഭാഷണ സാമർത്ഥ്യം |
| | സംസ്കൃത സംഭാഷണം സൃഷ്ടിക്കൽ | | | അവതരണ പാടവം |
| | സംസ്കൃതം കേൾക്കാനുള്ള അവസരം. | | | സംസ്കൃത ജ്ഞാനം |

| | | | | |
|---|---|---|---|---|
| | സംസ്കൃതം പറയാനുള്ള അവസരം.<br><br>ലഘുവായ പഠനങ്ങളിലൂടെ ആവിഷ്കരണം<br><br>ഉചിതമായ പ്രോത്സാഹനം നൽകൽ | | | |
| 6. | ദേവവൃക്ഷോദ്യാനനിർമ്മാണം<br><br>കൃഷിയറിവ് നൽകൽ<br><br>വൃക്ഷശേഖരണം<br><br>ഉചിതമായ സ്ഥലം കണ്ടെത്തൽ<br><br>നടലും പരിപാലനവും.<br><br>നാമഫലകം സ്ഥാപിക്കൽ | വർഷത്തിലുടനീളം | 5, 6, 7 | കൃഷിബോധം<br><br>നിർമ്മാണപാടവം<br><br>സംസ്കൃതജ്ഞാനം |
| 7. | സംസ്കൃതപ്രദർശിനി<br><br>പച്ചക്കറികളുടെ ശേഖരണം<br><br>പഴങ്ങളുടെ ശേഖരണം<br><br>നിത്യോപയോഗസാധനങ്ങളുടെ ശേഖരണം. ശേഖരിച്ചവയുടെ പേരുകൾ സംസ്കൃതത്തിൽ എഴുതൽ. | വർഷത്തിൽ ഒരുതവണ | 5, 6, 7 | ശേഖരണപാടവം<br><br>പ്രദർശനപാടവം<br><br>സംസ്കൃതജ്ഞാനം |

| | | | | |
|---|---|---|---|---|
| 8. | കലാ സംസ്കൃതം | വർഷത്തിൽ രണ്ടുതവണ | 5,6,7 | കലാവാസന വളർത്തൽ |
| | സംസ്കൃതത്തോടുള്ള താല്പര്യം പാഠം, അഷ്ടപദി, ശ്ലോകം 50 പഠിപ്പിക്കുന്നതിനുള്ള അവസരം | | | സംസ്കൃതജ്ഞാനം |
| | വിദഗ്ദ്ധരുടെ ക്ലാസുകൾ സംഘടിപ്പിക്കൽ | | | അവതരണ പാടവം |
| | കലാ പരിശീലനം | | | |
| | വേദികളിൽ അവതരണാവസരം. | | | |
| 9. | കഥ, കവിതാ ക്യാമ്പ് | അരവർഷത്തിൽ ഒരു തവണ | 5,6,7 | രചനാസാമർത്ഥ്യം |
| | കഥയും കവിതയും കേൾക്കുന്നതിനുമുള്ള അവസരം. | | | സംസ്കൃതജ്ഞാനം |
| | സൃഷ്ടിനിർമ്മാണം നിർമ്മിച്ചവ സദസ്സിന് പ്രദർശിപ്പിക്കൽ | | | ക്രിയാത്മക സ്വാതന്ത്ര്യം |
| | രചനാ പരിശീലനം. | | | രചനാപാടവം |
| | മികച്ച കവിയെയും കഥാകാരനെയും ആദരിക്കൽ | | | |
| 10. | സാങ്കേതിക സംസ്കൃതം. | | | |
| | IT യിലൂടെ സംസ്കൃതപഠനം | | | സംസ്കൃതജ്ഞാനം |
| | ഗെയിംസ് നിർമ്മാണം | | | പ്രയോഗ പാടവം |

| | | | | |
|---|---|---|---|---|
| | ഗാനം റെക്കോഡിങ് ഉല്പന്നങ്ങളുടെ പ്രദർശനം | | | പ്രദർശനപാടവം |
| 11 | സംസ്കൃത സാഹിത്യ വേദി<br><br>അറിയുന്ന കലകൾ സ്വയം അവതരിപ്പിക്കാനുള്ള അവസരം<br><br>ഉചിതമായ പ്രോത്സാഹനം നൽകൽ. | ഐച്ഛികം | 5,6,7 | സഭാകമ്പനിവാരണം<br><br>സംസ്കൃതജ്ഞാനം<br><br>അവതരണപാടവം |
| 12. | സംസ്കൃത വാർത്താ വായനം.<br><br>ദൃശ്യമാധ്യമങ്ങളിലെ സംസ്കൃത വാർത്തകൾ കേൾപ്പിക്കൽ.<br><br>അവ സ്വയമായി അവതരിപ്പിക്കൽ | ഐച്ഛികം | 5,6,7 | സംസ്കൃതജ്ഞാനം.<br><br>ചർച്ചാപാടവം<br><br>അവതരണപാടവം |

## ഉപസംഹാരം

പുതിയ കാലം പൊതു ഇടങ്ങളെ അപ്രസക്തമാക്കുന്ന രീതിയിലേക്ക് മാറിക്കഴിഞ്ഞിട്ടുണ്ട്. ഇന്ന് നമ്മുടെ ഏറ്റവും വലിയ പൊതുഇടവും പൊതു സ്വത്തും വിദ്യാലയമാണ്. മനുഷ്യത്വം സൃഷ്ടിക്കപ്പെടേണ്ട വിദ്യാഭ്യാസ ലോകം. ഇന്ന് തീർത്തും മാറിക്കഴിഞ്ഞിരിക്കുന്നു. ഈ അവസ്ഥയെ സ്ഥായിയായി മാറ്റാനുള്ള പ്രായോഗിക പ്രവർത്തനമാണ് പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞം. കേരളത്തിന്റെ - നവോത്ഥാന പ്രവർത്തനങ്ങൾക്ക് തുടർച്ച ഉണ്ടാക്കുന്നതും പുതിയ ലോകം സൃഷ്ടിക്കാനുള്ള കർമ്മപദ്ധതിയായി ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഉപകരിക്കുമെന്ന് പ്രത്യാശിക്കുന്നു.